2026
JUNE
20
SATURDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# പുതുയുഗ കേരളം ലക്ഷ്യമിട്ട് ബജറ്റ്

# വികസനത്തിനും വിദ്യാഭ്യാസത്തിനും മുൻഗണന

**തിരുവനന്തപുരം:** യുഡിഎഫ് സർക്കാരിന്റെ പുതുയുഗ കേരളം എന്ന സ്വപ്നത്തിലേക്ക് ചുവടുവെക്കുന്നതിനുള്ള പ്രഖ്യാപനവുമായി മുഖ്യമന്ത്രി വി.ഡി സതീശന്റെ 2026 27 വർഷത്തെ പരിഷ്കരിച്ച ബജറ്റ്. യുവാക്കളുടെ ഉന്നതവിദ്യാഭ്യാസവും തൊഴിൽ തേടിയുള്ള കുടിയേറ്റവും കുറയ്ക്കാൻ ലക്ഷ്യമിട്ട് 'നോളജ് വാലി' പദ്ധതിക്ക് ബജറ്റിൽ 100 കോടി അനുവദിച്ചിട്ടുണ്ട്. ഐഐടി മാതൃകയിൽ എൻജിനീയറിങ് കോളജുകളെ ബന്ധിപ്പിച്ച് റിസർച്ച് പാർക്കിന് 60 കോടിയും നീക്കിവെച്ച ബജറ്റിൽ, തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഗ്ലോബൽ ജോബ് ടവറും ഇടംപിടിച്ചിട്ടുണ്ട്.

വിദേശ വിദ്യാർത്ഥികൾക്ക് കേരളത്തിൽ വന്ന് പഠിക്കാൻ അവസരമൊരുക്കുന്ന 'സെമസ്റ്റർ ഇൻ കേരള' പദ്ധതി പുനരാരംഭിച്ച് അക്കാദമിക് ടൂറിസം ശക്തിപ്പെടുത്തുമെന്നും ബജറ്റിൽ പ്രഖ്യാപനമുണ്ട്. ബിരുദധാരികൾക്ക് വേഗത്തിൽ ജോലി ലഭിക്കാൻ സഹായിക്കുന്ന ബ്രിഡ്ജ് പ്രോഗ്രാമുകളും കോഴ്സുകളും നടപ്പിലാക്കും. 'വയനാട് ട്രൈബൽ സർവകലാശാല'യും 'തദ്ദേശീയ വിജ്ഞാന മേഖല'യും ആരംഭിക്കുമെന്ന സുപ്രധാന പ്രഖ്യാപനവും ബജറ്റിലുണ്ട്.

കേരളത്തിലെ തുറമുഖങ്ങളെ ബന്ധിപ്പിച്ച് 400 കോടിയുടെ പദ്ധതിയും പ്രഖ്യാപിച്ചു. വിഴിഞ്ഞത്തെ ബന്ധിപ്പിച്ചുകൊണ്ട് അഴീക്കൽ ബേപ്പൂർ തുറമുഖ വികസനവും ഇതിൽ ഉൾപ്പെടുന്നു. കേരളത്തെ തുറമുഖ നഗരമാക്കി റോഡ്, സമുദ്രം, റെയിൽ, ഉൾനാടൻ ജലപാതകൾ, നിർമ്മാണ മേഖലകൾ, ഗ്രീൻഫീൽഡ് സിറ്റി, എന്നിവ ബന്ധിപ്പിച്ചുകൊണ്ടുള്ള മാരിടൈം സമ്പദ് വ്യവസ്ഥയാണ് കേരളം ലക്ഷ്യമിടുന്നത്. നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളെ കേന്ദ്രീകരിച്ച് കേരളത്തെ ദക്ഷിണേന്ത്യയിലെ പ്രധാന ഏവിയേഷൻലോജിസ്റ്റിക്സ് ഹബ്ബായി വികസിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളും ആവിഷ്കരിക്കും. പതിനായിരത്തോളം എം.എസ്.എം.ഇ. സംരംഭങ്ങൾ സംസ്ഥാനമൊട്ടാകെ ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്ന കേരള എം.എസ്.എം.ഇ. ഗ്രോത്ത് സ്കീമിന് രൂപംനൽകുമെന്നും ബജറ്റിൽ പ്രഖ്യാപനമുണ്ട്.

ഗുരുതര രോഗം ബാധിച്ചവർക്കും സാമ്പത്തിക പരാധീനത അനുഭവിക്കുന്നവർക്കും തുടർ വിദ്യാഭ്യാസത്തിന് പണമില്ലാത്തവർക്കും സഹായം നേരിട്ട് എത്തിക്കുന്നതിനുള്ള പ്ലാറ്റ്ഫോമായി 'വൺ കേരള കരുതൽ മിഷൻ' സ്ഥാപിക്കും. വയോജനങ്ങൾക്ക് ആവശ്യമായ സ്ഥാപനങ്ങൾ, വ്യയശേഷി നേടാനുതകുന്ന സാമ്പത്തിക സഹായം, സംരംഭകത്വം, വൈദഗ്ദ്ധ്യം എന്നിവ ഉൾപ്പെടുന്ന 'സിൽവർ ഇക്കോണമി' വികസിപ്പിക്കും. സംസ്ഥാനത്ത് അന്താരാഷ്ട്ര മാതൃകയിൽ കെയർ ഗിവർ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുമെന്നും പ്രഖ്യാപനമുണ്ട്.

കിഫ്ബി അഴിച്ചുപണിയുമെന്ന സൂചന നൽകിക്കൊണ്ട്, അതിന്റെ നടത്തിപ്പ് പഠിക്കാൻ കമ്മിറ്റിയെ വെക്കുമെന്നും ബജറ്റ് പറയുന്നു. ഹരിപ്പാട്ട് പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കും. അതോടൊപ്പം തിരുവനന്തപുരത്ത് രണ്ടാമത്തെ മെഡിക്കൽ കോളജും തുടങ്ങും. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളെ ബന്ധിപ്പിച്ച് സതേൺ കേരള എക്കണോമിക് കോറിഡോറും ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

പിന്നാക്ക ജില്ലകളായ കാസർകോടിനും വയനാടിനും ഇടുക്കിക്കുമായി പ്രത്യേക പാക്കേജും പ്രഖ്യാപിച്ചിട്ടുണ്ട്. യുഡിഎഫിന്റെ വാഗ്ദാനമായ ഇന്ദിരാഗാരന്റിയിലെ പ്രിയദർശനി സൗജന്യ യാത്രയ്ക്കായി കെഎസ്ആർടിസിക്ക് 600 കോടി അനുവദിച്ചു. ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുമെന്നും ബജറ്റ് പറയുന്നു.



## ബജറ്റിലെ സുപ്രധാന പ്രഖ്യാപനങ്ങൾ

- എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെയുള്ള സൗജന്യ ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കും.
- തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കും.
- ഗ്രീൻ ഹൈഡ്രജൻ ഹബ്ബായി കേരളത്തെ മാറ്റും.
- ലോക നിലവാരത്തിലുള്ള ഫുട്ബോൾ സ്റ്റേഡിയം മലബാറിൽ നിർമ്മിക്കും.
- ബ്രാൻഡ് കേരളം ആരംഭിക്കും.
- ജെ.സി ഡാനിയേൽ ഇന്റർനാഷണൽ ഫിലിം സിറ്റിചിത്രനഗരം കൊച്ചിയിൽ സ്ഥാപിക്കും.
- സിനിമയ്ക്ക് വ്യവസായ പദവി നൽകും.
- തനത് കലാസാംസ്കാരിക മേഖലയെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി എം.ടി. വാസുദേവൻ നായരുടെ പേരിൽ കോഴിക്കോട് ഒരു കൾച്ചറൽ പാർക്ക് സ്ഥാപിക്കും.
- സംഗീത സംവിധായകൻ ജോൺസൺ മാസ്റ്ററുടെ പേരിൽ തൃശ്ശൂരിൽ പുതിയ മ്യൂസിക് അക്കാദമി.
- കേരള ഡിസാസ്റ്റർ റെസിലിയൻസ് സെന്റർ' സ്ഥാപിക്കും.
- പ്രവാസി ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് ഫണ്ട്
- പെരുമ്പാവൂർ കേന്ദ്രീകരിച്ച് ഫർണിച്ചർ ഹബ്ബ് സ്ഥാപിക്കും.
- റബറിന്റെ താങ്ങുവില 200 രൂപയിൽ നിന്നും 250 രൂപയായി വർധിപ്പിക്കും.
- വയനാട്, കാസർഗോഡ്, ഇടുക്കി ജില്ലകൾക്കായുള്ള പാക്കേജുകൾ ഊർജ്ജിതമായി നടപ്പാക്കാൻ നടപടി കൈക്കൊള്ളും.
- എല്ലാ തീരദേശവാസികൾക്കും പട്ടയം ലഭ്യമാക്കും.
- എൻഡോസൾഫാൻ ദുരിത ബാധിതരായ കുടുംബങ്ങളെ സർക്കാർ ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കും.
- അർത്തുങ്കൽ ബസലിക്ക, അമ്പലപ്പുഴ ക്ഷേത്രം, കാക്കഴം പള്ളി, മണ്ണാറശ്ശാല, കൃഷ്ണപുരം കൊട്ടാരം, മാതാ അമൃതാന്ദമയി മഠം, ഓച്ചിറ ക്ഷേത്രം തീർത്ഥാടന ടൂറിസം സർക്യൂട്ട് പദ്ധതി നടപ്പിലാക്കും.








## സെന്റ്ഗിറ്റ്സ് എൻജിനിയറിംഗ് കോളജിൽ അന്താരാഷ്ട്ര കോൺഫറൻസിന് തുടക്കം

**കോട്ടയം:** സാങ്കേതിക രംഗത്തെ നൂതന മാറ്റങ്ങളും സുസ്ഥിര വികസനവും ചർച്ച ചെയ്യുന്നതിനായി സെൻറ്ഗിറ്റ്സ് എൻജിനിയറിംഗ് കോളജും തായ്‌വാനിലെ നാഷണൽ ചുങ് ചെങ് യൂണിവേഴ്സിറ്റിയും സംയുക്തമായി സംഘടിപ്പിക്കുന്ന സ്മാർട്ട് കമ്യൂണിക്കേഷൻ ആൻഡ് സസ്റ്റൈനബിൾ ടെക്നോളജീസ് അന്താരാഷ്ട്ര കോൺഫറൻസിന് തുടക്കമായി.

ത്രിദിന അക്കാദമിക സമ്മേളനം ഐഇഇഇ കേരള സെക്ഷൻ, ഐഇഇഇ കമ്യൂണിക്കേഷൻസ് സൊസൈറ്റി, ഐഇഇഇ ആർഎഫ്ഐഡി കൗൺസിൽ എന്നിവയുടെ സാങ്കേതിക സഹകരണത്തോടെയാണ് ഒരുക്കിയിരിക്കുന്നത്. ചെന്നൈ സായ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. അജിത് എബ്രഹാം കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. സെൻറ്ഗിറ്റ്സ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് എക്സിക്യൂട്ടീവ് ചെയർമാനും സെക്രട്ടറിയുമായ പുന്നൂസ് ജോർജ് അധ്യക്ഷത വഹിച്ചു.

ഇലക്ട്രോണിക്സ് വിഭാഗം മേധാവി പ്രഫ.ഡോ. ജി. ഷൈനി, കോളജ് പ്രിൻസിപ്പൽ പ്രഫ.ഡോ. ടി. സുധ, പ്രഫ.ഡോ. പാവോആൻ സിയൂങ്, ഡോ. ബി.എസ്. മനോജ് എന്നിവർ പ്രസംഗിച്ചു.

## കാൻസർ ബോധവത്കരണവും സൗജന്യ രോഗനിർണയ ക്യാമ്പും

**എടത്വ:** എടത്വ പഞ്ചായത്തിന്റെയും, ചാസ്, കെഎൽഎം, സെന്റ് അലോഷ്യസ് കോളജിന്റെയും നേതൃത്വത്തിൽ കാർക്കിനോസ് കാൻസർ കെയർ സെൻറർ, ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ, വിശ്വനാഥൻ കാൻസർ കെയർ ഫൗണ്ടേഷൻ, ചാസ് ചങ്ങനാശേരി എന്നിവരുടെ സഹകരണത്തോടെ കാൻസർ ബോധവത്കരണവും സൗജന്യ രോഗനിർണയ ക്യാമ്പും നടത്തി. പഞ്ചായത്ത് പ്രസിഡൻറ് ആൻസി ബിജോയ് ഉദ്ഘാടനം നിർവഹിച്ചു.

സെൻറ് അലോഷ്യസ് കോളജ് പ്രിൻസിപ്പൽ പ്രഫ. ഡോ. ജി. ഇന്ദുലാൽ അധ്യക്ഷത വഹിച്ചു. ചാസ് അതിരൂപത അസിസ്റ്റൻറ് ഡയറക്ടർ ഫാ. ജോർജ് തൈച്ചേരി ആമുഖപ്രഭാഷണം നടത്തി. സെൻറ് ജോർജ് ഫൊറോന പള്ളി അസിസ്റ്റൻറ് വികാരി ഫാ. ആൻറണി നമ്പിയത്ത്, ജയചന്ദ്രൻ, മനീഷ് മാത്യു, ആൻസി ലോനിച്ചൻ, മോളി അജിത്ത് എന്നിവർ പ്രസംഗിച്ചു. യൂണിറ്റ് സെക്രട്ടറി ജയിംസുകുട്ടി കോനാട്ട്, പ്രഫ. റാണി ജോർജ് എന്നിവർ നേതൃത്വം നൽകി. ഡോ. അഖിൽ തോമസ്, ഡോ. ആര്യ ജി. നായർ എന്നിവരുടെ ടീം ക്യാമ്പ് നയിച്ചു.

## ജലോത്സവത്തിനു തുടക്കം; മൂലം വള്ളംകളി ട്രാക്കിൽ

**ചമ്പക്കുളം:** ചരിത്രപ്രസിദ്ധമായ മൂലം ജലോത്സവത്തിന്റെ ട്രാക്കും ഹീറ്റ്സും കഴിഞ്ഞ ദിവസം നെടുമുടി ഗ്രാമപഞ്ചായത്ത് ഹാളിൽ ചേർന്ന യോഗത്തിൽ നിശ്ചയിച്ചു. കേരളത്തിലെ വള്ളംകളി സീസണിന് തുടക്കം കുറിക്കുന്ന മൂലം വള്ളംകളിയുടെ ഒരുക്കങ്ങളും ഇതോടെ വേഗത്തിലായി. മൂലം ജലോത്സവത്തിന് വിജയിക്ക് സമ്മാനിക്കുന്ന രാജപ്രമുഖൻ ട്രോഫിക്കു വേണ്ടി ഇത്തവണ എഴു ചുണ്ടൻ വള്ളങ്ങളാണ് ചമ്പക്കുളം പമ്പയാറ്റിൽ പോരടിക്കുക.

ആകെ 15 കളിവള്ളങ്ങളാണ് മൂലം വള്ളംകളിയിൽ ഇത്തവണ പങ്കെടുക്കുന്നത്. കഴിഞ്ഞ ദിവസം നടന്ന കാപ്റ്റൻസ് ക്ലിനിക് മൂലം ജലോത്സവ കമ്മിറ്റി ചെയർമാനും ആലപ്പഴ റവന്യു ഡിവിഷണൽ ഓഫീസറുമായ പി.എൻ. അനി ഉദ്ഘാടനം ചെയ്തു. വള്ളങ്ങളുടെ നറുക്കെടുപ്പ് യോഗം ചമ്പക്കുളം പഞ്ചായത്ത് പ്രസിഡന്റ് കെ.എൻ. മാത്യുവും നറുക്കെടുപ്പ് നെടുമുടി പഞ്ചായത്ത് പ്രസിഡന്റ് പി.കെ. വിനോദും നിർവഹിച്ചു.

യോഗത്തിൽ റെയ്സ് കമ്മിറ്റി ചെയർമാൻ ജോസ് കാവനാട് അധ്യക്ഷത വഹിച്ചു . മനോജ്, ബിനു ശ്രീകുമാർ, ഗോകുൽ ഷാജി, തങ്കച്ചൻ അഞ്ചിൽ, മെർലീൻ ആമ്പക്കാട്, എ.വി. മുരളി എന്നിവർ സംസാരിച്ചു. കാപ്റ്റൻസ് ക്ലിനിക്കിൽ ഉയർന്നുവന്ന നിർദേശങ്ങൾ കമ്മിറ്റി പരിശോധിച്ച് വേണ്ട തീരുമാനം കൈക്കൊള്ളാമെന്ന് കമ്മിറ്റി അറിയിച്ചു.



# സംസ്ഥാന ജൈവ വൈവിധ്യ ഫെസ്റ്റ് സംഘടിപ്പിക്കും: മന്ത്രി ഷിബു ബേബിജോൺ

**തിരുവനന്തപുരം:** കേരളത്തിലെ ജൈവവൈവിധ്യങ്ങൾ പരിചയടപ്പെടുത്തുന്നതിനും പുതുതലമുറയിൽ അവബോധം വളർത്തുന്നതിനുമായി വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന ജൈവവൈവിധ്യ ഫെസ്റ്റ് സംഘടിപ്പിക്കുമെന്ന് മന്ത്രി ഷിബു ബേബിജോൺ പറഞ്ഞു. പരിസ്ഥിതി പ്രവർത്തകരുമായി സെക്രട്ടേറിയറ്റിൽ നടത്തിയ യോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. വനനിയമം നടപ്പാക്കുന്നതിൽ യാതൊരു വിട്ടുവീഴ്ചയും നടത്തുകയില്ലെന്നും പൊതുജനങ്ങളെക്കൂടി ഉൾപ്പെടുത്തിയുള്ള വനസംരക്ഷണ പദ്ധതികൾക്കായിരിക്കും സർക്കാർ പ്രാധാന്യം നൽകുകയെന്നും മന്ത്രി പറഞ്ഞു.

കാടുകൾക്ക് ഉൾക്കൊള്ളാവുന്ന മൃഗങ്ങളുടെ കണക്കിനെ സംബന്ധിച്ച പഠനം അനിവാര്യമാണ്. മൂന്നാർ അടക്കമുള്ള വനാതിർത്തി പങ്കിടുന്ന വിനോദസഞ്ചാര മേഖലയിലെ വർധിച്ച തിരക്ക് നിയന്ത്രിക്കപ്പെടണം. ഇവിടങ്ങളിലെ തിരക്ക് നിയന്ത്രിക്കാൻ വാഹനങ്ങൾക്ക് പാസ് നൽകുന്നത് കാര്യം പരിഗണിക്കേണ്ടതുണ്ട്.

വനസംരക്ഷണത്തിനും മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുമായി സമഗ്രമായ പുതിയ വന മാനേജ്മെന്റ് നയം സർക്കാർ ഉടൻ പ്രഖ്യാപിക്കും. വനങ്ങളെയും വന്യജീവികളെയും സംരക്ഷിക്കുന്നതിനൊപ്പം വനാതിർത്തി പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്കകൾക്കും പ്രാധാന്യം നൽകുന്ന സമീപനമായിരിക്കും സർക്കാർ സ്വീകരിക്കുക. ഉരുൾപൊട്ടലുകൾ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളെത്തുടർന്ന് തകർന്ന ആനത്താരകൾ പുനഃസ്ഥാപിക്കുന്നതിനും സർക്കാർ മുൻഗണന നൽകും. മേപ്പാടി, നിലമ്പൂർ മേഖലകളിൽ ആനയുമായുള്ള സംഘർഷം വർധിക്കുന്നതിന് പ്രധാന കാരണങ്ങളിലൊന്നായി ആനത്താരകളുടെ നാശം കണ്ടെത്തിയിട്ടുണ്ട്.

ചക്കയുടെ മണം ആകർഷിച്ച് ആനകൾ ജനവാസ മേഖലകളിലേക്ക് എത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ചക്ക വിളയുന്നതിന് മുൻപുതന്നെ കർഷകരിൽ നിന്ന് വനം വകുപ്പ് വിലകൊടുത്ത് ചക്ക വാങ്ങുന്ന പദ്ധതി നടപ്പാക്കും. കൃഷി വകുപ്പിന്റെയും പ്രാദേശിക ജാഗ്രതാ സമിതികളുടെയും സഹകരണത്തോടെയായിരിക്കും പദ്ധതി മുന്നോട്ട് കൊണ്ടുപോകുക.

വനത്തിനകത്തെ അനധികൃത ക്യാമ്പിങും നിയമവിരുദ്ധ പ്രവർത്തനങ്ങളും കർശനമായി തടയും. വനാതിർത്തി മേഖലകളിൽ പ്ലാസ്റ്റിക് നിരോധനം ശക്തമാക്കുന്നതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകളിൽ ഗ്ലാസ് ബോട്ടിലുകൾ ഉപയോഗിക്കുന്ന സംവിധാനം നടപ്പാക്കുന്നതും പരിഗണനയിലുണ്ട്.

ഇക്കോടൂറിസം വികസനത്തിന്റെ ഭാഗമായി ആദിവാസി വിഭാഗങ്ങളിലെ അംഗങ്ങളെ പരിശീലനം നൽകി ഗൈഡുമാരായി നിയമിക്കുമെന്നും വനം വകുപ്പ് അറിയിച്ചു. കുട്ടികളിൽ വനസംരക്ഷണ ബോധം വളർത്തുന്നതിനായി സ്കൂളുകളിലെ സോഷ്യൽ ഫോറസ്ട്രി ക്ലബ്ബുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തും.

വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ ആർ ആർ ടി കൾ രൂപീകരിക്കാനും കേന്ദ്രസർക്കാരിന്റെ അധിക ധനസഹായം തേടാനും സർക്കാർ ആലോചിക്കുന്നുണ്ട്. പ്രകൃതിയെ സംരക്ഷിക്കുന്നത് മനുഷ്യന്റെ അതിജീവനത്തിന് അനിവാര്യമാണെന്ന കാഴ്ചപ്പാടോടെയാണ് എല്ലാ പദ്ധതികളും നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു. യോഗത്തിൽ വനംവകുപ്പ് മേധാവി രാജേഷ് രവീന്ദ്രൻ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി കൃഷ്ണൻ, പി സി സി എഫ് മാരായ ഡോ പി പുഗഴേന്തി, എൽ ചന്ദ്രശേഖർ, വിവിധ പരിസ്ഥിതി സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# അടിമാലി,കുമളി ദേശീയപാത 185ന്റെ പുതുക്കിയ അലൈൻമെൻറിന് അംഗീകാരം

**തൊടുപുഴ:** അടിമാലികുമളി ദേശീയപാതയുടെ പുതുക്കിയ അലൈൻമെന്റിന് അംഗീകാരം ലഭിച്ചതായി ഡീൻ കുര്യാക്കോസ് എംപി അറിയിച്ചു. സ്റ്റാൻഡേർഡ് ഫിനാൻസ് കമ്മിറ്റിയുടെ അനുമതി ഉടൻ ലഭിക്കുന്നതോടെ പദ്ധതിക്കുള്ള അന്തിമ അനുമതിയാകും. നേരത്തേ സ്ഥലമെടുപ്പിനായി 350 കോടി അനുവദിക്കുകയും സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. ഇതിനായി 3എ വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിർത്തി അടയാള കല്ലുകൾ സ്ഥാപിച്ച് നടപടികൾ ആരംഭിച്ചിരുന്നു.

ഇതിനിടെയാണ് പദ്ധതിക്ക് 30 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കലും സിവിൽവർക്കും ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി കൂടുതൽ തുക കണ്ടെത്തേണ്ട സ്ഥിതിയുണ്ടായത്. ഇതിനായി കേന്ദ്രമന്ത്രിസഭയുടെ അംഗീകാരത്തിനായി ദീർഘകാലം കാത്തിരിക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിനായി ചെലവ് ചുരുക്കുന്നതിന് മന്ത്രാലയം തീരുമാനമെടുത്തു. നിലവിൽ 18 മീറ്ററായി പാതയുടെ വീതി കുറച്ചിട്ടുണ്ട്. ഉപരിതല ഗതാഗത വകുപ്പ് ഡയറക്ടർ ജനറൽ വിനായക് രജാവത്തുമായി ഡീൻ കുര്യാക്കോസ് എംപി നടത്തിയ ചർച്ചയെത്തുടർന്നാണ് ഇക്കാര്യത്തിൽ തീരുമാനമുണ്ടായത്.

പദ്ധതിയുടെ സിവിൽ വർക്കിനായി 810 കോടിയും ഭൂമിഏറ്റെടുക്കലിനായി 700 കോടിയും ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്. അടിമാലി മുതൽ കുമളിവരെ 79 കിലോമീറ്ററാണ് പുതിയ അലൈൻമെൻറ് പ്രകാരം റോഡിന്റെ ദൈർഘ്യം. നേരത്തേ അലൈൻമെൻറിൽ അംഗീകരിച്ചിരുന്ന അടിമാലി ബൈപാസ് ഉൾപ്പെടുത്തിയാകും പുതിയ പാത നിലവിൽ വരികയെന്നും എംപി പറഞ്ഞു.

# ഫാത്തിമ മാതാ കാമ്പസിന് ഹരിതഭംഗി ഒരുക്കി ബൊട്ടാണിക് ഗാർഡൻ



**കൊല്ലം:** ഔഷധച്ചെടികളിൽ നിന്നും ഉയരുന്ന സുഗന്ധവും അശോകവനത്തിന്റെ പച്ചപ്പും ബൊട്ടാണിക് ഗാർഡൻറെ മാനോഹരിതയും ബട്ടർഫ്ലൈ തോട്ടത്തിലെ ചിത്രശലഭങ്ങളും നിറഞ്ഞ പ്രകൃതിയെ ഫാത്തിമ മാതാ കാമ്പസിലൊരുക്കി ബോട്ടണി വകുപ്പ് . ഫാത്തിമ മാതാ കോളജ് കാമ്പസിലെ ശാന്തവും മനോഹരവുമായ ഈ പ്രകൃതി ദൃശ്യത്തിലേക്കു നമ്മളെ കൂട്ടികൊണ്ടു പോകുന്നതു ബോട്ടണി വകുപ്പിലെ അധ്യാപകരും വിദ്യാർഥികളുമാണ്. വിവിധതരം ചെടികളും മരങ്ങളും കൊണ്ട് സമൃദ്ധമായ ഒരു അന്തരീക്ഷമാണ് കാമ്പസിൽ ഇവർ സൃഷ്ടിച്ചിരിക്കുന്നത്.ഈ സ്ഥലം കാമ്പസിലെ പരിസ്ഥിതി സൗഹൃദ അന്തരീക്ഷത്തിന് കൂടുതൽ മാറ്റ് കൂട്ടുന്നു.

ബോട്ടണി വിഭാഗത്തിനു കീഴിൽ പ്രവർത്തിക്കുന്ന സസ്യശാസ്ത്ര തോട്ടം വൈവിധ്യമാർന്ന സസ്യങ്ങളുടെയും ഔഷധച്ചെടികളുടെയും ഒരു വലിയ ശേഖരമാണ് സമ്മാനിക്കുന്നത്. പരിസ്ഥിതി സംരക്ഷണത്തിനും ഗവേഷണത്തിനുമായി പ്രവർത്തിക്കുന്ന തോട്ടമായി ഇതിനെ മാറ്റിയെടുത്തിരിക്കുന്നു. ബൊട്ടാണിക് ഗാർഡൻ, ബട്ടർഫ്ളൈ ഗാർഡൻ, ഹീലിംഗ് ഗാർഡൻ, വെർട്ടിക്കൽ ഗാർഡൻ, ഓർക്കിഡ് കൺസർവേഷൻ, അശോകവനം, ഹെർബേറിയം തുടങ്ങിയവയിൽ കാന്പസ് നിറയുന്നു.

മെഡിസിൻ പ്ലാൻറ് ബോർഡുമായി ചേർന്നു ബോട്ടണി വകുപ്പ് അശോകവനം ഒരുക്കി അതിശയകരമായ അറിവും കാഴ്ചയുമാണ് കാമ്പസിനു പ്രദാനം ചെയ്യുന്നത്. ആയിരത്തോളം അശോകമരത്തിന്റെ ചെറുമരങ്ങളാണ് കാന്പസിനെ അലങ്കരിച്ചിരിക്കുന്നത്. 150 ഓളം തേക്കുകളും 100 മഹാഗണികളും ഏഴോളം ഉറക്കംതൂങ്ങി മരങ്ങളും കാമ്പസിൽ സജീവമാക്കിയതിനുപിന്നിൽ മാനേജ്മെൻറ് ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ ബൊട്ടാണിക്കൽ ഗാർഡിലെ മണിമരുതും വാഗമണിൽനിന്നും കൊണ്ടുവന്ന രുദ്രാക്ഷവും ഗാർഡെനിയ എന്നറിയപ്പെടുന്ന പാൽക്കായവും പവിഴമുല്ലയും കാമ്പസിനു ഭംഗിയും പ്രൗഢിയും വർധിപ്പിക്കുകയാണ്.

ബൊട്ടാണിക്കൽ ഗാർഡനിലേക്കു കടന്നു വന്നാൽ നീലകൊടുവേലി, പതിമുഖം, കപ്പ് ആൻഡ് സോസർ,ടോർച്ച് ജിഞ്ചർ, അത്തിമരം, കസ്തൂരിമഞ്ഞൾ,രക്തചന്ദനം, സർവസുഗന്ധി, നാഗപത്തി, കല്ലുവാഴ, ചന്ദനം, ഗുൽഗുലു, മിറക്കിൾ ഫ്രൂട്സ് തുടങ്ങിയവ തോട്ടത്തിൻറെ പകിട്ട് കൂട്ടുന്നു.

ഇംഗ്ലണ്ടിലെ ക്യു ബൊട്ടാണിക് ഗാർഡനുമായി ചേർന്നു വംശനാശം സംഭവിക്കുന്ന ഓർക്കിഡ് ചെടികളെ സംരക്ഷിക്കാൻ ഒരുക്കിയ പ്രോജക്ട് കോളജിന്റെ പ്രൗഢി വർധിപ്പിച്ചു. പത്തോളം വിവിധയിനത്തിൽപ്പെട്ട ഓർക്കിഡ് ചെടികൾ ഇന്നും നാശമടയാതെ ഈ ഗാർഡനിൽ സുഖമായി ജീവിക്കുന്നു. നാഗാർജുന അയുർവേദ സ്ഥാപനം ഔഷധ സസ്യങ്ങളുടെ സംരക്ഷണത്തിനും ഇവരെ സഹായിച്ചിട്ടുണ്ട്. പനികൂർക്ക, ശതാവലി, വിളാർമരം, ഓരില, കഞ്ചോലം, മെന്തോന്നി, നീലയമരി, അല്പം (തോട്ടിയ സിലികോസാ) തുടങ്ങിയവ തോട്ടത്തെ സന്പന്നമാക്കുന്നു.

കോളജിന്റെ ഇടനാഴികളെ പച്ചപ്പ് നിറയ്ക്കുന്ന സംരംഭം ആരംഭിച്ചതും ബോട്ടണി ഡിപ്പാർട്ട്മെൻറാണ്. കോളജിൽ ബോട്ടണി ഡിപ്പാർട്ട്മെൻറ് സ്ഥിതിചെയ്യുന്ന ഫ്ളോറിൽ പച്ചവിരിച്ച ചെടികൾ ആരെയും ആകർഷിക്കും. ഇതുകൂടാതെ ഹീലിംഗ് ഗാർഡൻ നൽകുന്ന ഒരു ശാന്തതയും സുഖവും വേറെ ലെവലാണ്. ഇടനാഴിയിലൊരുപൂന്തോട്ടമാണ് സമ്മാനിക്കുന്നത്. ഇവിടെയിരുന്നു വായിക്കാനും സംസാരിക്കാനും പഠിക്കാനും സാധിക്കും. ചെടികളെ ഉണക്കി സൂക്ഷിക്കുന്ന ഹെർബേറിയവും വിദ്യാർഥികളെ അറിവിന്റെ ആഴത്തിലേക്കു നയിക്കുന്ന റിസർച്ച് സെൻററും ബയോമെർക്കാറ്റസ് സ്റ്റുഡൻറ് സ്റ്റാർട്ട് അപ്പും ബോട്ടണിയുടെ പ്രത്യേകതയാണ്.

കോളജിന്റെ മുൻ മാനേജർ ഫാ. ഡോ. അഭിലാഷ് ഗ്രിഗറി, ഇപ്പോഴത്തെ മാനേജർ ഫാ.ജോസഫ് ജോൺ, പ്രിൻസിപ്പൽ പ്രഫ.ഡോ. മനോഹർ, ഡി. മുല്ലശേരി തുടങ്ങിയവർ നൽകുന്ന പിന്തുണ ചെറുതല്ല. ബോട്ടണിവിഭാഗം മേധാവി ഡോ.ബി.സിനിലാൽ, ഡോ. പി. എൻ. ഷൈജു , ഡോ. കെ.പി.ഡിൻറു , ഡോ.സിസ്റ്റർ എസ്. സോഫിയ, ഡോ. എം.ജെ. ദീപ്തിമോൾ , ഡോ.വി.സിജി, ഡോ.രേഷ്മ ബെൻസൺ തുടങ്ങിയ അധ്യാപകരുടെ സേവനമാണ് ഈ പച്ചപ്പിന്റെ പിന്നിലുള്ളത്.

## കുമളിയിൽ പരിസ്ഥിതി ചലച്ചിത്രമേളയ്ക്ക് തുടക്കമായി

**തേക്കടി:** ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും ഭൂമിയുടെ നിലനിൽപ്പിന് ഭീഷണിയാകുന്ന സാഹചര്യത്തിൽ പ്രകൃതിസംരക്ഷണത്തിൻറെ സന്ദേശവുമായി തേക്കടിയിൽ ഗ്രീൻ പനോരമ2026 പരിസ്ഥിതി ചലച്ചിത്രമേളയ്ക്ക് തുടക്കമായി.

പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് പെരിയാർ ടൈഗർ റിസർവും ചൈതന്യ ഫിലിം സൊസൈറ്റിയും സംയുക്തമായാണ് മൂന്നു ദിവസം നീണ്ടുനിൽക്കുന്ന ചലച്ചിത്രമേള സംഘടിപ്പിക്കുന്നത്.

തേക്കടി ബാംബൂ ഗ്രോവിലെ കളരി ഹാളിൽ നടന്ന ചടങ്ങിൽ ചലച്ചിത്ര സംവിധായകൻ ഡോ. ബിജു മേള ഉദ്ഘാടനം ചെയ്തു. പ്രകൃതിയോടുള്ള മനുഷ്യന്റെ അനിയന്ത്രിതമായ ഇടപെടലിന്റെ ഫലമായുണ്ടാകുന്ന ആഘാതങ്ങൾ ദൃശ്യമാധ്യമങ്ങളിലൂടെ സമൂഹത്തിന് മുന്നിലെത്തിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. പെരിയാർ ടൈഗർ റിസർവ് ഡെപ്യൂട്ടി ഡയറക്ടർ പി.യു. സാജു അധ്യക്ഷത വഹിച്ചു.

ഇക്കോ ഡെവലപ്മെൻറ് റേഞ്ച് ഫോറസ്റ്റ് ഓഫീസറായ സൂരജ് ഭാസ്കർ പ്രസംഗിച്ചു. പരിസ്ഥിതിയും സിനിമയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് സിനിമാ നിരൂപകൻ എം.സി. രാജ് നാരായണൻ മുഖ്യപ്രഭാഷണം നടത്തി.

## പുനർ ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതിയുടെ 20252026 സാമ്പത്തിക വർഷത്തെ വരവ് ചിലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി രജിസ്റ്റേർഡ് ചാർട്ടേർഡ് അക്കൗണ്ടന്റുമാരിൽ നിന്നും പുനർ ക്വട്ടേഷൻ ക്ഷണിച്ചു. താല്പര്യമുള്ളവർ സെക്രട്ടറി, എച്ച്.ഡി .എസ്, മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം' എന്ന വിലാസത്തിൽ തപാലിലോ പ്രവൃത്തി ദിവസങ്ങളിൽ നേരിട്ടോ അപേക്ഷ നൽകേണ്ടതാണ്. ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 22 ഉച്ചയ്ക്ക് 2 മണി.

## സെൻസസ് സെൽഫ് എന്യൂമറേഷൻ: ജില്ലയിൽ ആദ്യദിനം 2733 പേർ വിവരങ്ങൾ രേഖപ്പെടുത്തി

**കൊച്ചി:** സെൻസസ് 2027 ന്റെ ഭാഗമായുള്ള സെൽഫ് എന്യൂമറേഷൻ പ്രക്രിയക്ക് ജില്ലയിൽ മികച്ച തുടക്കം. ആദ്യദിനം 2733 (വൈകിട്ട് അഞ്ച് വരെ) പേരാണ് ജില്ലയിൽ സ്വയം വിവരങ്ങൾ രേഖപ്പെടുത്തിയത്.വിവരങ്ങൾ നൽകിയതിന് ശേഷം എന്തെങ്കിലും തെറ്റുകൾ ശ്രദ്ധയിൽപ്പെട്ടാൽ പരിഭ്രാന്തരാകേണ്ടതില്ലെന്ന് അധികൃതർ അറിയിച്ചു. വിവരശേഖരണത്തിനായി എന്യൂമറേറ്റർമാർ വീടുകൾ സന്ദർശിക്കുന്ന സമയത്ത് ഈ വിവരം അറിയിക്കാവുന്നതാണ്. സെൽഫ് എൻയുമറേഷൻ ഐഡി ഉപയോഗിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്താൻ എന്യൂമറേറ്റർക്ക് സാധിക്കും.



## തെങ്കാശി–കന്യാകുമാരി ജില്ലകളിലെ നിയന്ത്രണങ്ങൾ കേരള പദ്ധതികളെ ബാധിക്കുന്നു

**തിരുവനന്തപുരം:** തമിഴ്നാട്ടിൽനിന്നുള്ള നിർമാണ സാമഗ്രികളുടെ വരവു കുറഞ്ഞത് തിരുവനന്തപുരം-കന്യാകുമാരി റെയിൽ പാത ഇരട്ടിപ്പിക്കൽ, ദേശീയപാത വികസനം എന്നീ പദ്ധതികളെ ബാധിക്കുമെന്ന് ആശങ്ക. മെറ്റൽ, എം സാൻഡ് മറ്റു പാറ ഉൽപന്നങ്ങൾ എന്നിവയാണു തിരുനെൽവേലി, തെങ്കാശി ജില്ലകളിൽ നിന്നു തിരുവനന്തപുരം മുതൽ ആലപ്പുഴ വരെയുള്ള ജില്ലകളിലേക്ക് എത്തുന്നത്. പാറ ഉൽപന്നങ്ങൾ കൊണ്ടുവരുന്നതിന് തെങ്കാശി, കന്യാകുമാരി ജില്ലാ ഭരണകൂടങ്ങൾ തുടർച്ചയായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനെ തുടർന്നു ലോറി ഉടമകൾ ഹൈക്കോടതിയുടെ മധുര ബെഞ്ചിനെ സമീപിച്ച് അനുകൂല വിധി നേടിയെങ്കിലും വാഹനങ്ങൾ ദേശീയപാതയിലൂടെ കടത്തിവിടുന്നില്ലെന്നാണു പരാതി. ഇത് വാഹന ഉടമകൾക്കു വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നു. വായ്പാ തിരിച്ചടയ്ക്കാനാവാതെ പലരും ആത്മഹത്യാവക്കിലാണെന്നും ലോറി ഉടമകൾ പറയുന്നു.

60 ലക്ഷം രൂപ വിലയുള്ള വാഹനങ്ങൾക്കു വായ്പാ തിരിച്ചടവായി പ്രതിമാസം 1.25 ലക്ഷം രൂപ കണ്ടെത്തണം. ഓട്ടമില്ലാതായതോടെ ഈ പണം കണ്ടെത്താൻ കഴിയുന്നില്ല. ഇൻഷുറൻസ് പ്രീമിയം, നികുതി, അറ്റകുറ്റപ്പണി എന്നിവയ്ക്കും പണം കണ്ടെത്തേണ്ടതുണ്ട്. സംസ്ഥാന സർക്കാർ അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണമെന്നു ആവശ്യപ്പെട്ടു വാഹന ഉടമകൾ മുഖ്യമന്ത്രിക്കു പരാതി നൽകി. ടണ്ണിന് 150 രൂപ വീതം അടച്ചാണു വാഹനങ്ങൾ പാറ ഉൽപന്നങ്ങൾ കൊണ്ടു വരുന്നത്. ജിഎസ്ടിയും അടയ്ക്കുന്നുണ്ട്. നിശ്ചിത സമയത്ത് മാത്രമേ ഓടാൻ പാടുള്ളുവെന്ന നിബന്ധന വന്നതോടെ വാഹനങ്ങൾ കൂട്ടമായി അതിർത്തി കടക്കാൻ തുടങ്ങിയത് ചെങ്കോട്ട പാതയിൽ വലിയ ഗതാഗത കുരുക്കിന് ഇടയാക്കിയിരുന്നു.

ഒറ്റ,ഇരട്ട അക്ക നമ്പരുള്ള വാഹനങ്ങൾക്ക് ഒന്നിടവിട്ട ദിവസങ്ങളിൽ ലോഡ് എടുക്കാമെന്ന നിബന്ധനയും ശനി, ഞായർ ദിവസങ്ങളിൽ ഓടാൻ പാടില്ലെന്ന തെങ്കാശി ജില്ലയിലെ നിബന്ധനകളും ദേശീയപാതയിലൂടെ ലോറികൾ അനുവദിക്കില്ലെന്ന കന്യാകുമാരി ജില്ലയിലെ നിയന്ത്രണങ്ങളുമാണ് ലോറികളെ ബാധിച്ചത്.

കന്യാകുമാരി-പൻവേൽ ദേശീയപാത വികസനം, കന്യാകുമാരി-തിരുവനന്തപുരം റെയിൽ പാത ഇരട്ടിപ്പിക്കൽ ഇവയെല്ലാം തമിഴ്നാടും കേരളവും ഉൾപ്പെട്ടെ കേന്ദ്ര പദ്ധതികളാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ വലിയ ഗുണഭോക്താവും തെക്കൻ തമിഴ്നാടാണെന്നിരിക്കെ ഈ പദ്ധതികൾക്ക് ആവശ്യമായ നിർമാണ സാമഗ്രികളുടെ നീക്കം തടയുന്നത് ശരിയായ നടപടിയില്ലെന്നാണു വിമർശനം ഉയരുന്നത്.

കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി നേരത്തെ തമിഴ്നാട് മുൻ മുഖ്യമന്ത്രി എം.കെ.സ്റ്റാലിന് അയച്ച കത്തിൽ ദേശീയപാത നിർമാണത്തിനുള്ള സാമഗ്രികളുടെ നീക്കം തടയരുതെന്ന് ആവശ്യപ്പെട്ടിരുന്നു.

# കാർഷിക മേഖലയിലെ വന്യജീവി സംഘർഷത്തിന് പരിഹാരം തേടി സംസ്ഥാനതല കോൺക്ലേവ്



**തിരുവനന്തപുരം:** സംസ്ഥാനത്തെ കാർഷിക മേഖലയെ ഗുരുതരമായി ബാധിക്കുന്ന വന്യജീവി ആക്രമണങ്ങൾക്കും അതുവഴിയുണ്ടാകുന്ന കൃഷിനാശത്തിനും ശാശ്വതവും പ്രായോഗികവുമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി വിദഗ്ധരെയും കർഷകരെയും നയരൂപീകരണ രംഗത്തെ പ്രതിനിധികളെയും പങ്കെടുപ്പിച്ച് സംസ്ഥാനതല കോൺക്ലേവ് സംഘടിപ്പിക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി ടി. സിദ്ദിഖ് അറിയിച്ചു. സെക്രട്ടേറിയറ്റിലെ ലയം ഹാളിൽ ജില്ലാ കൃഷി ഓഫീസർമാരുമായി നടത്തിയ സംസ്ഥാനതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

മലയോര മേഖലകളിൽ വന്യജീവി ആക്രമണം കർഷകരുടെ ജീവിതത്തെയും കാർഷിക ഉൽപ്പാദനത്തെയും പ്രതികൂലമായി ബാധിക്കുന്ന പ്രധാന വെല്ലുവിളിയായി മാറിയിരിക്കുകയാണ്. കർഷകരുടെ ആശങ്കകൾ നേരിട്ട് കേൾക്കുകയും ശാസ്ത്രീയവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ പരിഹാരങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്നതിനാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

രാഷ്ട്രീയ കൃഷി വികാസ് യോജന ഉൾപ്പെടെയുള്ള പദ്ധതികളുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ വന്യജീവി ആക്രമണത്തെ പ്രതിരോധിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കും. സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ കീഴിലുള്ള 64 ഫാമുകളിലും ലഭ്യമായ മുഴുവൻ ഭൂമിയും കൃഷിയോഗ്യമാക്കി ഉൽപ്പാദന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണമെന്ന് മന്ത്രി നിർദേശിച്ചു.

കാർഷികോൽപ്പാദനം വർധിപ്പിക്കുന്നതിനും നൂതന കൃഷിരീതികൾ പ്രചരിപ്പിക്കുന്നതിനും സർക്കാർ ഫാമുകൾ മാതൃകാ കേന്ദ്രങ്ങളായി വികസിപ്പിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ എല്ലാ കൃഷി ഫാമുകളെയും ഫാം ടൂറിസം ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൃഷി, പ്രകൃതി, ജൈവവൈവിധ്യം, കാർഷിക പൈതൃകം എന്നിവ ജനങ്ങൾക്ക് കൂടുതൽ പരിചയപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും കാർഷിക മേഖലയെ അടുത്തറിയുന്നതിനും ഫാം ടൂറിസം പദ്ധതികൾ സഹായകരമാകും.

യുവജനങ്ങളെ കാർഷിക മേഖലയുമായി കൂടുതൽ അടുപ്പിക്കുന്നതിനായി സമഗ്രമായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കുന്ന കതിര് കാർഷിക ക്ലബ്ബുകൾ അതിന്റെ ആദ്യപടിയാണെന്നും ഘട്ടംഘട്ടമായി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള കർമ്മപദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

2026 അന്താരാഷ്ട്ര തലത്തിൽ വനിതാ കർഷകരുടെ വർഷമായി ആചരിക്കുന്ന പശ്ചാത്തലത്തിൽ കൃഷി വകുപ്പ് 'ഹരിത സഖി' എന്ന ബൃഹത് പദ്ധതിയുമായി മുന്നോട്ടുപോകും. സംസ്ഥാനത്തെ വനിതാ കർഷകരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 300 ഗ്രൂപ്പുകളായി സംഘടിപ്പിച്ച് പ്രോജക്ട് അധിഷ്ഠിത പിന്തുണയും സാങ്കേതിക സഹായവും വിപണന പിന്തുണയും ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 'ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം' പദ്ധതി ജനകീയ കാർഷിക മുന്നേറ്റമായി മാറണമെന്ന് മന്ത്രി ആഹ്വാനം ചെയ്തു. സംസ്ഥാനത്തെ കൃഷിയോഗ്യമായ ഒരു ഇഞ്ച് ഭൂമിപോലും തരിശായി കിടക്കരുതെന്നും ലഭ്യമായ എല്ലാ സ്ഥലങ്ങളിലും കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കണമെന്നും അദ്ദേഹം നിർദേശിച്ചു. ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വിഷരഹിത പച്ചക്കറികളുടെയും പുഷ്പങ്ങളുടെയും ലഭ്യത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്നും ഈ ഉദ്യമത്തിൽ കർഷകർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും പങ്കാളികളാകണമെന്നും മന്ത്രി ആവശ്യപ്പെട്ടു. കേരളത്തിന്റെ ഭക്ഷ്യസുരക്ഷയും ജനങ്ങളുടെ ആരോഗ്യവും ഉറപ്പാക്കുന്നതിനുള്ള ജനകീയ പ്രസ്ഥാനമായി 'വിളവിന്റെ വിസ്മയം' മാറണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സംസ്ഥാനത്തെ പ്രധാന ജലസേചന കനാലുകളിൽ ജലപ്രവാഹം തടസ്സപ്പെടുന്ന മേഖലകളെക്കുറിച്ച് സമഗ്ര വിവരശേഖരണം നടത്തി അടിയന്തര റിപ്പോർട്ട് സമർപ്പിക്കാനും മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. കാർഷികോൽപ്പാദനം വർധിപ്പിക്കുന്നതിൽ ജലലഭ്യത നിർണായക ഘടകമാണെന്നും ജലസേചന സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ശക്തമാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം, കതിർ കാർഷിക ക്ലബ്ബുകൾ, ഹരിത സഖി തുടങ്ങിയ നൂതന പദ്ധതികളിലൂടെ കേരളത്തിന്റെ കാർഷിക മുന്നേറ്റത്തിന് പുതിയ ദിശാബോധം നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കാർഷിക വികസനത്തെ ജനകീയ പ്രസ്ഥാനമാക്കി മാറ്റുന്നതിനുള്ള ഈ പദ്ധതികളുടെ ജില്ലാതല ആസൂത്രണവും നടപ്പാക്കലും അതീവ ഗൗരവത്തോടെയും കാര്യക്ഷമതയോടെയും നിർവഹിക്കണം. കാർഷികോൽപ്പാദനം വർധിപ്പിക്കുന്നതിനൊപ്പം യുവജനങ്ങളെയും വനിതകളെയും വിദ്യാർത്ഥികളെയും കാർഷിക മേഖലയുമായി കൂടുതൽ ബന്ധിപ്പിക്കുന്നതിലും ഈ പദ്ധതികൾ നിർണായക പങ്കുവഹിക്കുമെന്ന് മന്ത്രി പറഞ്ഞു. കാർഷിക മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനുമായി സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് വ്യക്തമാക്കിയ മന്ത്രി, ഉദ്യോഗസ്ഥർ കർഷകർക്കൊപ്പം നിന്ന് പ്രവർത്തിക്കണമെന്നും കൂട്ടായ പ്രവർത്തനത്തിലൂടെ കേരളത്തിന്റെ കാർഷിക ഭാവിയെ കൂടുതൽ സുരക്ഷിതവും സമൃദ്ധവുമാക്കണമെന്നും അഭിപ്രായപ്പെട്ടു.

കാർഷികോത്പാദന കമ്മീഷണർ ഡോ. മിൻഹാജ് ആലം, കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. സുഭാഷ്, ഡയറക്ടർ ഡോ. ശ്രീറാം വെങ്കിട്ടരാമൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## ഭിന്നശേഷി വിദ്യാഭ്യാസപുനരധിവാസ രംഗത്ത് ദേശീയ മാതൃകയായി നിഷിനെ ഉയർത്തും: മന്ത്രി അബ്ദുൾ ഗഫൂർ

**തിരുവനന്തപുരം:** സാമൂഹ്യനീതി വകുപ്പ് മന്ത്രി അബ്ദുൾ ഗഫൂർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) സന്ദർശിച്ച് സ്ഥാപനത്തിന്റെ വിവിധ അക്കാദമിക്, ക്ലിനിക്കൽ, ഗവേഷണ പ്രവർത്തനങ്ങൾ വിലയിരുത്തി. 1997ൽ ചെറിയ രീതിയിൽ ആരംഭിച്ച നിഷ് ഇന്ന് ഭിന്നശേഷി വിദ്യാഭ്യാസം, പുനരധിവാസം, ഗവേഷണം, അസിസ്റ്റീവ് ടെക്നോളജി, ഉൾക്കൊള്ളുന്ന ഉന്നത വിദ്യാഭ്യാസം എന്നിവയെ സമന്വയിപ്പിക്കുന്ന രാജ്യത്തെ തന്നെ സവിശേഷ സ്ഥാപനങ്ങളിലൊന്നായി വളർന്നിട്ടുണ്ടെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. ബധിരർക്കും ശ്രവണപരിമിതിയുള്ളവർക്കുമായുള്ള ഉന്നത വിദ്യാഭ്യാസം, റീഹാബിലിറ്റേഷൻ സയൻസസിലെ പ്രൊഫഷണൽ കോഴ്സുകൾ, ക്ലിനിക്കൽ സേവനങ്ങൾ, എർളി ഇന്റർവെൻഷൻ പരിപാടികൾ, ഗവേഷണ പ്രവർത്തനങ്ങൾ എന്നിവ നിഷിന്റെ പ്രധാന ശക്തികളാണെന്നും മന്ത്രി പറഞ്ഞു.

ഭിന്നശേഷി മേഖലയിലെ വർധിച്ചുവരുന്ന ആവശ്യങ്ങളും പുതിയ അവസരങ്ങളും പരിഗണിച്ച്, നിഷിനെ യൂണിവേഴ്സിറ്റിയായി വികസിപ്പിക്കാനുള്ള സാധ്യതകൾ സർക്കാർ ഗൗരവമായി പരിഗണിക്കും. ഭിന്നശേഷി വിദ്യാഭ്യാസം, പുനരധിവാസം, ഗവേഷണം, നയരൂപീകരണം എന്നിവയെ ഒരൊറ്റ സംവിധാനത്തിനുള്ളിൽ ഏകോപിപ്പിക്കുന്ന സമഗ്ര സർവകലാശാലകൾ രാജ്യത്ത് വളരെ വിരളമാണ്. ഈ രംഗത്ത് കേരളത്തിന് ദേശീയ നേതൃത്വം നൽകാനുള്ള ശേഷി നിഷിനുണ്ട്.

നിലവിലുള്ള അക്കാദമിക്ക്ലിനിക്കൽ മികവിനൊപ്പം ഗവേഷണം, അസിസ്റ്റീവ് ടെക്നോളജി, സ്കിൽ ഡെവലപ്മെന്റ്, കമ്മ്യൂണിറ്റി അധിഷ്ഠിത സേവനങ്ങൾ എന്നിവ കൂടുതൽ വിപുലീകരിക്കുന്നതിനുള്ള നടപടികൾക്ക് സർക്കാർ പിന്തുണ ഉറപ്പാക്കുന്നതിനോടൊപ്പം മികവിന്റെ കേന്ദ്രമായി നിഷിനെ വികസിപ്പിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## മെഡിക്കൽ കോളജിൽ മൾട്ടി മോഡൽ റെറ്റിനൽ ഇമേജിംഗ് സിസ്റ്റം സ്ഥാപിക്കും

**ഗാന്ധിനഗർ:** മെഡിക്കൽ കോളജിൽ അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ മൾട്ടി മോഡൽ റെറ്റിനൽ ഇമേജിംഗ് സിസ്റ്റം സ്ഥാപിക്കും. ജോൺ ബ്രിട്ടാസ് എംപിയുടെ ആസ്തി വികസന ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചത്. മുൻ മന്ത്രി വി.എൻ. വാസവൻറെ ഇടപെടലിനെ തുടർന്നാണ് ഫണ്ട് അനുവദിച്ചത്.

റെറ്റിനയെ ബാധിക്കുന്ന രോഗങ്ങളുടെയും ഗ്ലോക്കോമയുടെയും രോഗനിർണയത്തിനും കൂടുതൽ കൃത്യതയോടെയുള്ള ചികിത്സാ പുരോഗതിക്കും ഈ മെഷീൻ ഏറെ സഹായകരമാണ്.

ഒരു കോടി രൂപയാണ് പദ്ധതിക്കായി അനുവദിച്ചത്. മെഡിക്കൽ കോളജ് മുൻ സൂപ്രണ്ട് ഡോ. ടി.കെ. ജയകുമാർ, ഒഫ്താൽമോളജി വകുപ്പ് മേധാവി ഡോ. എൻ. വിജയമ്മ, ഒഫ്താൽമോളജി വിഭാഗം ഡോ. മഞ്ജിത്ത് തുടങ്ങിയവരുടെ വിദഗ്ധാഭിപ്രായങ്ങളും നിർദേശങ്ങളും ത്വരിതഗതിയിലുള്ള ഇടപെടലിന് സഹായിച്ചിട്ടുണ്ട്.

1.2 കോടി രൂപ വിലമതിക്കുന്ന ഉപകരണം വാങ്ങുന്നതിനായി ബാക്കി 20 ലക്ഷം രൂപ ഹോസ്പിറ്റൽ ഡെവലപ്മെൻറ് സൊസൈറ്റിയുടെ ഫണ്ടിൽനിന്നാണ് കണ്ടെത്തിയിരിക്കുന്നത്. മെഷീൻറെ ഡെമോയ്ക്ക് ശേഷം ഉടൻ പ്രവർത്തനമാരംഭിക്കും.



# അട്ടപ്പാടിയുടെ മധുരം ആഗോള വിപണിയിൽ

**കൊച്ചി:** ആഗോള വിപണിയിൽ അട്ടപ്പാടിയുടെ മധുരമെത്തിക്കാൻ കുടുംബശ്രീ. അട്ടപ്പാടിയിലെ ഗോത്രവർഗ മേഖലയിലെ വനിതാ കർഷകർ ഉൽപാദിപ്പിച്ച മധുരക്കിഴങ്ങിൽ നിന്നു നിർമിച്ച സ്വാദിഷ്ഠമായ പൊടി, ഹെൽത്ത് മിക്സ്, സൂപ്പ്, ഗമ്മീസ്, ചിപ്സ്, കുൽഫി എന്നിങ്ങനെ ആറ് മൂല്യവർധിത ഉൽപന്നങ്ങളാണ് ആഗോള വിപണി ലക്ഷ്യമാക്കി കുടുംബശ്രീ തയാറാക്കിയത്.

മന്ത്രി കെ.എം.ഷാജി മൂല്യവർധിത ഉൽപന്നങ്ങൾ പുറത്തിറക്കി. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന് കീഴിലുള്ള കേന്ദ്ര കിഴങ്ങുവിള ഗവേഷണ സ്ഥാപനവുമായി ചേർന്നാണ് പദ്ധതി.

# കോഴിക്കോട്, തൃശൂർ നഗരങ്ങളിൽ സേവനം വ്യാപിപ്പിച്ച് ടോയിംഗ്

**കൊച്ചി:** കുറഞ്ഞ ചെലവിൽ ഭക്ഷണ വിതരണ സേവനം ലഭ്യമാക്കുന്ന ടോയിംഗ് ആപ്പ് കേരളത്തിൽ പ്രവർത്തനം വിപുലീകരിച്ച് കോഴിക്കോട്, തൃശൂർ നഗരങ്ങളിൽ സേവനം ആരംഭിച്ചു. നിലവിൽ രാജ്യത്തെ 49 നഗരങ്ങളിൽ സാന്നിധ്യമുള്ള ടോയിംഗ്, റെസ്റ്റോറന്റുകളിലെ മെനു വിലയ്ക്ക് തുല്യമോ അതിലും കുറഞ്ഞ വിലയിലോ ഭക്ഷണവും പാനീയങ്ങളും ലഭ്യമാക്കുമെന്ന് ഉറപ്പുനൽകുന്നു. കൂടാതെ എല്ലാ ഓർഡറുകൾക്കും പാക്കേജിങ് ചാർജും പ്ലാറ്റ്ഫോം ഫീസും ഈടാക്കുന്നില്ല.

ഇരു നഗരങ്ങളിലെയും പ്രമുഖ റെസ്റ്റോറന്റുകൾ പ്ലാറ്റ്ഫോമിൽ ഇതിനകം തന്നെ ലഭ്യമാണ്. ജനറേഷൻ ദ വിഭാഗം, കോളേജ് വിദ്യാർഥികൾ, ചെലവ് കുറയ്ക്കാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾ എന്നിവരെ ലക്ഷ്യമിടുന്ന ടോയിംഗ് രാജ്യവ്യാപകമായി 45 ലക്ഷത്തിലധികം ഡൗൺലോഡുകൾ സ്വന്തമാക്കിയതായി കമ്പനി അറിയിച്ചു.

# ഫോറിൻഅഡ്മിറ്റ്സുമായി ക്രിസാക് കൈകോർക്കുന്നു

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ടെക്നോളജി അധിഷ്ഠിത അന്താരാഷ്ട്ര വിദ്യാർഥി മൊബിലിറ്റി പ്ലാറ്റ്ഫോമായ ക്രിസാക് ലിമിറ്റഡ്, ഫോറിൻഅഡ്മിറ്റ്സ് നടത്തുന്ന എഡ്യൂമെന്റ് കൺസൾട്ടൻസി പ്രൈവറ്റ് ലിമിറ്റഡിൽ തന്ത്രപ്രധാന നിക്ഷേപം പ്രഖ്യാപിച്ചു. വിദ്യാഭ്യാസ വായ്പയും വിസാ തയ്യാറെടുപ്പും ഉൾപ്പെടെയുള്ള എഐ അധിഷ്ഠിത സേവനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.

ഒരു ലക്ഷത്തിലധികം വിദ്യാർഥികളെ പിന്തുണയ്ക്കുകയും 1,500 കോടിയിലേറെ വിദ്യാഭ്യാസ വായ്പകൾ സുഗമമാക്കുകയും ചെയ്ത ഫോറിൻഅഡ്മിറ്റ്സ് ഇനി സ്വതന്ത്ര ബ്രാൻഡായി തന്നെ പ്രവർത്തിക്കും. കമ്പനിയുടെ സ്ഥാപകനും സിഇഒയുമായ നിഖിൽ ജെയിൻ ക്രിസാക്കിന്റെ ചീഫ് പ്രൊഡക്റ്റ് ആൻഡ് മാർക്കറ്റിംഗ് ഓഫീസറായി ചുമതലയേൽക്കും. 400ലേറെ ആഗോള വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തമുള്ള ക്രിസാക്, വിദ്യാർഥികൾക്കും കൗൺസിലിംഗ് പങ്കാളികൾക്കും കൂടുതൽ സമഗ്രമായ എഐ അധിഷ്ഠിത സേവനങ്ങൾ ലഭ്യമാക്കുമെന്ന് അറിയിച്ചു.

# കുറഞ്ഞ നിരക്കിൽ യാത്രചെയ്യാം: ബേസിക് പ്ലാൻ അവതരിപ്പിച്ച് എയർ ഇന്ത്യ




**മുംബൈ:** തിരഞ്ഞെടുത്ത ആഭ്യന്തരറൂട്ടുകളിൽ 'ബേസിക്' എന്ന പേരിൽ കുറഞ്ഞ നിരക്കിലുള്ള പുതിയ ടിക്കറ്റ് പ്ലാൻ അവതരിപ്പിച്ച് എയർ ഇന്ത്യ. നിരക്കുകൾ നോക്കി ടിക്കറ്റ് ബുക്കുചെയ്യുന്ന ഉപഭോക്താക്കളെ ലക്ഷ്യമിട്ടാണ് പുതിയ പ്ലാൻ കമ്പനി അവതരിപ്പിച്ചിരിക്കുന്നത്.

ഇക്കോണമി ക്ലാസുമായി ബന്ധിപ്പിച്ചിട്ടുള്ള ബേസിക് പ്ലാനിൽ സേവനങ്ങളിൽ കുറവുവരുത്തിയാണ് നിരക്കിൽ ഇളവു കൊണ്ടുവരുന്നത്. പ്രധാനമായും ടിക്കറ്റിനൊപ്പമുള്ള ഭക്ഷണമാണ് ഒഴിവാക്കുക. 15 കിലോ ചെക്കിൻ ലഗേജും ഏഴുകിലോ കാബിൻ ലഗേജും ഇതിനൊപ്പം ലഭ്യമാണ്.

പരീക്ഷണാടിസ്ഥാനത്തിലാണ് തുടക്കത്തിൽ ബേസിക് പ്ലാൻ നടപ്പാക്കുന്നത്. ഇതിന്റെ പ്രതികരണം വിശകലനം ചെയ്തശേഷമാകും കൂടുതൽ റൂട്ടിലേക്ക് വ്യാപിപ്പിക്കുന്നത് പരിശോധിക്കുകയെന്ന് കമ്പനി വ്യക്തമാക്കി.



# ഡോ. മൂപ്പൻസ് ലെഗസി സ്കോളർഷിപ്പിലും ഫെലോഷിപ്പുകളിലും സീറ്റുകൾ വർധിപ്പിച്ചു

**തിരുവനന്തപുരം:** രണ്ടാം വർഷത്തിലേക്കു കടക്കുന്ന ഡോ. മൂപ്പൻസ് ലെഗസി സ്കോളർഷിപ്പ് ആൻഡ് ഫെലോഷിപ്സ് പ്രോഗ്രാം വിപുലീകരിച്ചു. കേരളത്തിലെ വിദ്യാർഥികളിൽ പഠനത്തിൽ മികവു പുലർത്തുന്നവരും എന്നാൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ 45 പേർക്കാണ് ഇതിലൂടെ പ്രയോജനം ലഭിക്കുക.

നഴ്സിംഗ്, ഫാർമസി കോഴ്സുകളിൽ പത്തു സീറ്റുകൾ വീതം അധികമായി ഉൾപ്പെടുത്തിയാണ് പദ്ധതി വിപുലീകരിച്ചത്. ഡോ. മൂപ്പൻസ് മെഡിക്കൽ കോളജിലെ അഞ്ച് എംബിബിഎസ്, ഡോ. മൂപ്പൻസ് നഴ്സിംഗ് കോളജിലെ 20 ബിഎസ്സി നഴ്സിംഗ്, ഡോ. മൂപ്പൻസ് കോളജ് ഓഫ് ഫാർമസിയിലെ 20 ബിഫാം എന്നീ കോഴ്സുകളിലെ വിദ്യാർഥികൾക്കായിരിക്കും ഈ സമ്പൂർണ ട്യൂഷൻ ഫീസ് സ്കോളർഷിപ്പ് ലഭിക്കുക.

അക്കാദമിക് യോഗ്യതയും സാമ്പത്തിക പശ്ചാത്തലവും കണക്കിലെടുത്താണ് സ്കോളർഷിപ്പിന് അർഹരായവരെ തെരഞ്ഞെടുക്കുന്നത്. 2026 ബാച്ചിലേക്കുള്ള അപേക്ഷകൾ ഇപ്പോൾ സമർപ്പിക്കാം. വിശദമായ യോഗ്യതാ മാനദണ്ഡങ്ങൾ അറിയുന്നതിനും ഓൺലൈനായി അപേക്ഷിക്കുന്നതിനും ഔദ്യോഗിക പോർട്ടൽ സന്ദർശിക്കുക: ഫോൺ. 8111 888 626.



# ആക്സെഞ്ചർ തിരിച്ചടി: ഐടി ഓഹരികളിൽ കനത്ത ഇടിവ്, നഷ്ടം നേരിട്ട് ടിസിഎസും ഇൻഫോസിസും

**മുംബൈ:** ആഗോള ഐടി ഭീമനായ ആക്സെഞ്ചർ വരുമാന വളർച്ചാ പ്രതീക്ഷ കുറച്ചത് രാജ്യത്തെ ഐടി ഓഹരികളെ ബാധിച്ചു. ഇന്നലെ വ്യാപാരത്തിനിടെ നിഫ്റ്റി ഐടി സൂചിക ആറ് ശതമാനത്തിലധികം ഇടിവ് നേരിട്ടു. ടിസിഎസ്, ഇൻഫോസിസ്, ടെക് മഹീന്ദ്ര എന്നീ ഓഹരികളിൽ എട്ടുശതമാനംവരെ ഇടിവുണ്ടായി. പശ്ചിമേഷ്യയിലെ സംഘർഷം, വൻകിട കരാറുകളുടെ കുറവ് എന്നിവയാണ് പ്രധാന കാരണങ്ങൾ.

ഇൻഫോസിസ് (8%), എംഫസിസ് (8%), ടിസിഎസ് (7%), ടെക് മഹീന്ദ്ര (7% ), പെർസിസ്റ്റന്റ് സിസ്റ്റംസ് (7%), എച്ച്സിഎൽ ടെക്നോളജീസ്, (6%), എൽടിഎം (6%), കോഫോർജ് ( 6%) എന്നിങ്ങനെയാണ് ഓഹരികൾ ഇടിവ് നേരിട്ടത്.

അഞ്ച് മാസത്തിനിടെ നിഫ്റ്റി 50 സൂചിക 6.3 ശതമാനം താഴ്ന്നപ്പോൾ നിഫ്റ്റി ഐടിയാകട്ടെ 32 ശതമാനം ഇടിവ് നേരിട്ടു. ഉപഭോക്താക്കൾ വിവേചനാധികാരപരമായ ചെലവിടലുകൾ കുറച്ചതും തീരുമാനങ്ങൾ എടുക്കുന്നതിലെ കാലതാമസവും തിരിച്ചടിയായി.

ആക്സെഞ്ചറിന്റെ വരുമാന വളർച്ചാ അനുമാനത്തിലെ കുറവ് ഹ്രസ്വകാലത്തേക്കാണെങ്കിലും ഐടി ഓഹരികളിൽ അനിശ്ചിതത്വം സൃഷ്ടിച്ചിരിക്കുകയാണ്. ആഗോള സാമ്പത്തിക സാഹചര്യങ്ങളും ഭൗമരാഷ്ട്രീയ സംഘർഷങ്ങളും വളർച്ച തടസ്സപ്പെടുത്തുന്നുണ്ടെങ്കിലും എഐ സൈബർ സുരക്ഷ തുടങ്ങിയ പുതിയ സാങ്കേതിക വിദ്യകളിലെ നിക്ഷേപം ദീർഘകാലാടിസ്ഥാനത്തിൽ നിർണായകമാകും. വിപണിയുടെ മൊത്തത്തിലുള്ള തിരിച്ചുവരവിനേക്കാൾ ഓരോ കമ്പനിയുടെയും പ്രകടനത്തെ അടിസ്ഥാനമാക്കിയുള്ള വളർച്ചയാകും വരുംവരുംമാസങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ളത്.

സൊസൈറ്റി ടുഡേ
SOCIETY TODAY




# സ്വർണം, വെള്ളി ഇറക്കുമതി കൂപ്പുകുത്തി

**ന്യൂഡൽഹി:** ഇന്ത്യയിലേക്കുള്ള സ്വർണം,വെള്ളി ഇറക്കുമതിയിൽ മേയ് മാസത്തിൽ വൻ ഇടിവ്. സ്വർണ ഇറക്കുമതി ഏകദേശം 70 ശതമാനം കുറഞ്ഞ് മേയിൽ 2530 ടണ്ണായതായി ഒരു സർക്കാർ വക്താവ് പറഞ്ഞു. രാജ്യത്തെ പ്രതിമാസ സ്വർണ ഇറക്കുമതി മുൻപുണ്ടായിരുന്നത് 70 മുതൽ 100 ടണ്ണിലായിരുന്നു.

2026 ഏപ്രിലിലെ 5.63 ബില്യൺ ഡോളറിൽനിന്നും മേയിൽ ഇന്ത്യയുടെ സ്വർണ ഇറക്കുമതി 3.42 ബില്യൺ ഡോളറായി താഴ്ന്നു. എന്നാലിത് മുൻ വർഷം ഇതേ കാലയളവിനേക്കാൾ കൂടുതലാണ്.

മേയിൽ രാജ്യത്തെ വെള്ളി ഇറക്കുമതിയും 75.57 മില്യൺ ഡോളറായി കുത്തനെ കുറഞ്ഞു. ഏപ്രിലിൽ 411.06 മില്യൺ ഡോളറിൽ നിന്നാണ് ഈ ഇടിവുണ്ടായത്.

മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് വെള്ളി ഇറക്കുമതിയിൽ ഏകദേശം 87 ശതമാനത്തിന്റെ കുറവുണ്ടായി. ഗവൺമെൻറ് വെള്ളിയുടെ ഇറക്കുമതി തീരുവ ഉയർത്തി. വെള്ളിയെ നിയന്ത്രിത വിഭാഗത്തിലേക്ക് മാറ്റിയതിനാൽ ഇറക്കുമതി ലൈസൻസുകൾ ആവശ്യമായി വന്നതിന് ആഴ്ചകൾക്കുശേഷമാണ് ഈ വലിയ ഇടിവ് ഉണ്ടായത്.

വിലയേറിയ ലോഹങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കുക, വിദേശനാണ്യശേഖരത്തിന്മേലുള്ള സമ്മർദം കുറയ്ക്കുക, ഉയർന്ന ഇറക്കുമതി ചെലവുകളുടെ ആഘാതം കുറയ്ക്കുക എന്നിവ ലക്ഷ്യമിട്ടുള്ള നടപടികളുടെ ഭാഗമായി സർക്കാർ സ്വർണത്തിന്റെയും വെള്ളിയുടെയും ഇറക്കുമതി തീരുവ മേയ് 13ന് പ്രാബല്യത്തിൽ വരും വിധം ആറു ശതമാനത്തിൽനിന്ന് 15 ശതമാനമാക്കി ഉയർത്തി.

# യുപിഎസ്സി പരീക്ഷയ്ക്കുള്ള പ്രഡിക്ഷൻ മോഡ്യൂളുമായി കെഎസ്‌യുഎം സ്റ്റാർട്ടപ്പ്

**തിരുവനന്തപുരം:** യുപിഎസ്സി മത്സരപരീക്ഷകൾക്കു തയാറെടുക്കുന്നവരെ സഹായിക്കാൻ പ്രഡിക്ഷൻ മോഡ്യൂളുമായി കെഎസ്‌യുഎമ്മിനു കീഴിലുള്ള 'എഡ്മി എഐ' സ്റ്റാർട്ടപ്പ്. കേരളത്തിലെ ആദ്യ നിർമിത ബുദ്ധി അധിഷ്ഠിത ലേണിംഗ് പ്ലാറ്റ്ഫോമാണ് എഡ്മി എഐ.യുപിഎസ്സി പരീക്ഷകളിൽ ചോദ്യങ്ങളായി വരാൻ സാധ്യതയുള്ള പ്രധാന വിഷയങ്ങൾ തിരിച്ചറിയാനും അതടിസ്ഥാനമാക്കി ആഴത്തിൽ പഠിക്കാനും ഈ പ്ലാറ്റ്ഫോം സഹായകമാണ്.




യുപിഎസ്സിയുടേത് ഉൾപ്പെടെയുള്ള വിവിധ മത്സരപരീക്ഷകളിലെ ചോദ്യസാധ്യതയുള്ള മേഖലകൾ പ്രവചിക്കാൻ എഡ്മി എഐയ്ക്ക് കഴിയും. എഐ സങ്കേതങ്ങൾ ഉപയോഗിച്ച് പത്രങ്ങളുടെയും മുൻ വർഷങ്ങളിലെ ചോദ്യപേപ്പറുകളുടെയും വിപുലമായ വിശകലനത്തിലൂടെയാണ് ഇതു സാധ്യമാകുന്നത്. ഇക്കഴിഞ്ഞ യുപിഎസ്സി പ്രിലിമിനറി പരീക്ഷയിലെ സമകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങളിൽ എഡ്മി എഐ യുടെ പ്രവചനം 85 ശതമാനം കൃത്യത കാണിച്ചിരുന്നു. സമകാലിക മേഖലയുമായി ബന്ധപ്പെട്ട 74 ചോദ്യങ്ങളിൽ 63 എണ്ണവും എഡ്മി എഐ പ്രവചിച്ചതാണെന്നതു ശ്രദ്ധേയം. എഐ സങ്കേതങ്ങളുടെ സഹായത്തോടെ 266 വിഷയങ്ങളാണ് പ്രിലിംസ് പരീക്ഷയ്ക്കായി എഡ്മി എഐ പ്രവചിച്ചത്. തിരുവനന്തപുരം ഗവൺമെൻറ് എൻജിനിയറിംഗ് കോളജിലെ പൂർവവിദ്യാർഥികളായ ശിമയോൻ സാമുവൽ, തേജസ് സുഷീൽ, ഗിഡ്സെൻ ബേബി എന്നിവരാണ് എഡ്മി എഐയ്ക്കു പിന്നിൽ. പിന്നീട് അത് ആറംഗ ടീമായി വളർന്നു.സൗജന്യമായി ഉപയോഗിക്കാവുന്ന ഈ ലേണിംഗ് പ്ലാറ്റ്ഫോമിനു നിലവിൽ 5000 ത്തിലധികം സജീവ ഉപയോക്താക്കളുണ്ട്.

# ടാറ്റ വാണിജ്യ വാഹനങ്ങൾക്കു വില ഉയരും

**കൊച്ചി:** പ്രമുഖ വാഹനനിർമാതാക്കളായ ടാറ്റ മോട്ടോഴ്സ് വാണിജ്യ വാഹനങ്ങൾക്കു വിലവർധന പ്രഖ്യാപിച്ചു. ജൂലൈ ഒന്നുമുതൽ രാജ്യത്തുടനീളം പുതിയ നിരക്കുകൾ പ്രാബല്യത്തിൽ വരും. വിപണിയിൽ വാഹനനിർമാണ സാമഗ്രികളുടെ വില ഉയരുന്നതും മറ്റ് ഇൻപുട്ട് ചെലവുകളിലുണ്ടായ വർധനവും കണക്കിലെടുത്താണ് തീരുമാനം. 2.5 ശതമാനം വരെയായിരിക്കും വിലവർധനവെന്ന് അധികൃതർ അറിയിച്ചു.

# 4,000 ത്തിലധികം ഉപഭോക്താക്കളുമായി കെ ഫോൺ ഒടിടി

**തിരുവനന്തപുരം:** ഉപഭോക്തൃ സ്വീകാര്യതയിൽ മുന്നേറി കെ ഫോൺ ഒടിടി. സേവനമാരംഭിച്ച് 10 മാസങ്ങൾക്കുള്ളിൽ 4,000ത്തിലധികം സജീവ ഉപഭോക്താക്കളെന്ന നേട്ടമാണ് പ്ലാറ്റ്ഫോം സ്വന്തമാക്കിയിരിക്കുന്നത്.

ഡിജിറ്റൽ സേവനങ്ങൾ കൂടുതൽ ജനകീയമാക്കുകയെന്ന ലക്ഷ്യത്തോടെ കെ ഫോൺ ആരംഭിച്ച ഒടിടി സേവനം, വിനോദവിജ്ഞാന ഉള്ളടക്കങ്ങളുടെ സമഗ്ര ശേഖരമാണ് ഉപഭോക്താക്കൾക്ക് നൽകുന്നത്. വിവിധ ദക്ഷിണേന്ത്യൻ ടിവി ചാനലുകൾ, സിനിമകൾ, വെബ് സീരീസുകൾ, കുട്ടികൾക്കായുള്ള പരിപാടികൾ എന്നിവ ഉൾപ്പെടുന്ന വിപുലമായ ശേഖരം കെ ഫോൺ ഒടിടിയുടെ പ്രത്യേകതയാണ്.

കെ ഫോണിന്റെ അതിവേഗ ബ്രോഡ്ബാൻഡ് ശൃംഖലയുടെ പിന്തുണയോടെ പ്രവർത്തിക്കുന്ന ഒടിടി, സംസ്ഥാനത്തിന്റെ ഡിജിറ്റൽ ഉൾക്കൊള്ളലിനും സാങ്കേതിക പുരോഗതിക്കും കൂടുതൽ കരുത്ത് പകരുന്നതാണെന്ന് കെ ഫോൺ അധികൃതർ അറിയിച്ചു.




# കാബ്സ് വിത്ത് ഇൻഡിഗോ അവതരിപ്പിച്ചു

**കൊച്ചി:** ഇന്ത്യൻ നഗരങ്ങളിലെ വിമാനത്താവളങ്ങളിൽ ഇൻഡിഗോ കാബ്സ് വിത്ത് ഇൻഡിഗോ എന്ന സേവനം ആരംഭിച്ചു. വിമാനത്താവളത്തിലേക്ക് വരുന്നവർക്കും വിമാനത്താവളത്തിൽനിന്നു പോകുന്നവർക്കും ഈ സേവനം ലഭിക്കും. 49 രൂപയ്ക്ക് യാത്രകൾ റിസർവ് ചെയ്യാം.

റിസർവ് ചെയ്യുന്നവരെ ഉറപ്പായും പിക്അപ് ചെയ്ത് 100 ശതമാനം യാത്ര ഉറപ്പാക്കുന്നു. സുതാര്യമായ പ്രൈസിംഗ് രീതികളുള്ള സേവനത്തിൽ പിക്അപ് ടൈം വരെ സൗജന്യമായി റിസർവേഷൻ റദ്ദാക്കാം.

വിശ്വാസ്യയോഗ്യവും സമ്മർദരഹിതവുമായ കണക്ടിവിറ്റി യാത്രക്കാരന് വിമാനത്താവളങ്ങളിൽ ഉറപ്പാക്കുന്നതിനാണ് കാബ്സ് വിത്ത് ഇൻഡിഗോ എന്ന സേവനം ആരംഭിച്ചതെന്ന് അധികൃതർ പറഞ്ഞു.

# ഐപിജി ഗ്രൂപ്പിന് മൾട്ടിമില്യൺ ഡോളർ ഫണ്ടിംഗ്

**തിരുവനന്തപുരം:** ലങ്ക പ്രീമിയർ ലീഗിന്റെ പ്രൊമോട്ടർമാരായ ഇന്നൊവേറ്റീവ് പ്രൊഡക്ഷൻ ഗ്രൂപ്പിന് വന്പൻ സാമ്പത്തിക പിന്തുണ ലഭിച്ചു. യുഎസ് ആസ്ഥാനമായുള്ള ലിസ്റ്റഡ് കമ്പനിയുമായി ചേർന്നാണ് ഐപിജി മൾട്ടിമില്യൺ ഡോളർ ഫണ്ടിംഗ് സ്വന്തമാക്കിയത്. പുതിയ ഫണ്ടിംഗും പങ്കാളിത്തവും ലീഗിന്റെ ആഗോള വിപുലീകരണത്തിനും മികച്ച സാമ്പത്തിക സമാഹരണത്തിനും ഡിജിറ്റൽ നവീകരണത്തിനും വഴിയൊരുക്കും.

എൻഎഎസ്ഡിഎക്യുയിൽ ലിസ്റ്റ് ചെയ്തിട്ടുള്ള യുജിആർഒ പ്ലാറ്റ്ഫോമിന്റെ ഭാഗമായ ഫ്ളാഷ് സ്പോർട്സ് & മീഡിയയുമായി തന്ത്രപ്രധാനമായ ഓഹരി ലയനം ഐപിജി ഇതിനകം പൂർത്തിയാക്കി. ഈ പുതിയ നിക്ഷേപത്തിന്റെ പിൻബലത്തിൽ ലങ്ക പ്രീമിയർ ലീഗ് കൂടുതൽ മികച്ചതാക്കുന്നതിനായി അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഐപിജി 20 മില്യൺ ഡോളർ നിക്ഷേപിക്കും. ലങ്ക പ്രീമിയർ ലീഗിൻറെ ബൗദ്ധിക സ്വത്തവകാശം ശ്രീലങ്ക ക്രിക്കറ്റ് ബോർഡിനാണെങ്കിലും ഇതിന്റെ എക്സ്ക്ലൂസീവ് കൊമേഴ്സ്യൽ, മീഡിയ അവകാശങ്ങൾ ഐപിജിക്കാണ് നിലവിലുള്ളത്.

ലങ്ക പ്രീമിയർ ലീഗിന് പുറമെ മലേഷ്യ, സിംബാബ്‌വേ എന്നിവിടങ്ങളിലെ ടി20 ലീഗുകൾ വികസിപ്പിക്കുന്നതിനുള്ള ദീർഘകാല എക്സ്ക്ലൂസീവ് കരാറുകളും ഐപിജി ഗ്രൂപ്പിനുണ്ട്. അതിവേഗം വളരുന്ന ഈ പുതിയ ക്രിക്കറ്റ് വിപണികളിലേക്ക് തങ്ങളുടെ സാന്നിധ്യം വ്യാപിപ്പിക്കാൻ ഐപിജിയും നിക്ഷേപകരും ലക്ഷ്യമിടുന്നു. ബ്രോഡ്കാസ്റ്റ് പ്രൊഡക്ഷൻ 4കെ നിലവാരത്തിലേക്ക് ഉയർത്താനും, ലീഗുകളിലുടനീളമുള്ള സ്പോൺസർഷിപ് വരുമാനം കേന്ദ്രീകരിക്കാനും പുതിയ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com